7311

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - സാധാരണ മണ്ണ് (ordinary earth) ഖനനം ചെയ്യുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ (എം.എസ്) നം180/2011/വ്യവ　　　　തീയതി, തിരുവനന്തപുരം, 18.08.2011

---

പരാമർശം-1) സ.ഉ (എം.എസ്) നം.85/2010/വ്യവ തീയതി, 5.4.2010.
2) പത്തനംതിട്ട ജില്ലാ കളക്ടറുടെ 7.5.2010-ലെ സി4-52596/2009(2) നമ്പർ കത്ത്.
3) മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 30.8.2010, 21.1.2011 തീയതികളിലെ 5306/എം3/2010 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ പരാമർശം-3-ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം ഒന്നിലെ ഉത്തരവിന് താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിബന്ധന-1 താഴെപറയും പ്രകാരം ഭേദഗതി ചെയ്യുന്നു.

"കരിങ്കല്ല്, ചെങ്കല്ല് (വെട്ടുകല്ല്), കടൽകക്ക, ലൈംഷെൽ, കൻകർ, ലൈംസ്റ്റോൺ (ചുണ്ണാമ്പുകല്ല്) അലങ്കാര വിതാനശിലയ്ക്കായി ഉപയോഗിക്കുന്ന ഗ്രാനൈറ്റ്, സാധാരണ കളിമണ്ണ്, സാധാരണ മണൽ എന്നീ ചെറുകിട ധാതുക്കളും, ബോക്സൈറ്റ്, സിലിക്കമണൽ, ചൈനാക്ലേ, മിനറൽ സാന്റ് (ലോഹമണൽ) തുടങ്ങിയ വൻകിട ധാതുക്കളും ഖനനം ചെയ്യുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിന്റെ/സർക്കാരിന്റെ അനുമതി വാങ്ങേണ്ടതാണ്".

നിബന്ധന-6 താഴെപറയും പ്രകാരം ഭേദഗതി ചെയ്യുന്നു.

"വൻതോതിൽ വ്യവസായ അടിസ്ഥാനത്തിൽ മണ്ണ് ഖനനം ചെയ്യുന്നതിന് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറിൽ നിന്നോ ജില്ലാ കളക്ടറിൽ നിന്നോ അനുമതി വാങ്ങേണ്ടതാണ്. ഖനനാനുമതി നൽകുന്നതിനുമുമ്പ്, ഖനനാനുമതി നൽകുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ, പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച്, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ജില്ലാ അധികാരിയിൽ നിന്നും റിപ്പോർട്ട് വാങ്ങി പരിശോധിക്കേണ്ടതാണ്".

നിബന്ധന-7 താഴെപറയും പ്രകാരം ഭേദഗതി ചെയ്യുന്നു.

"ഖനനംമൂലം ഖനനപ്രദേശത്തോ, സമീപപ്രദേശങ്ങളിലോ, ജലദൗർലഭ്യം, ഉരുൾപൊട്ടൽ, മലയിടിച്ചിൽ തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാനിടയില്ലെന്ന് ഖനനാനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തുന്നതിനുവേണ്ടി ആയത് സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പിലെ ജില്ലാ ജിയോളജിസ്റ്റുമാരിൽനിന്നോ ഭൂജല വകുപ്പിലെ ഹൈഡ്രോ ജിയോളജിസ്റ്റുമാരിൽനിന്നോ റിപ്പോർട്ട് വാങ്ങി പരിശോധിക്കേണ്ടതാണ്".

നിബന്ധന-8 താഴെപറയും പ്രകാരം ഭേദഗതി ചെയ്യുന്നു.

"വൻതോതിൽ മണ്ണ് ഖനനം ചെയ്യുന്ന സന്ദർഭങ്ങളിൽ ആയതിന് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പോലീസ്/റവന്യൂ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

മറ്റു നിബന്ധനകൾ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി. ബാലകൃഷ്ണൻ,**
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
ആഭ്യന്തര വകുപ്പ്.
ജലവിഭവ (ഭൂജല) വകുപ്പ്
പരിസ്ഥിതി വകുപ്പ്.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും.
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്.
വ്യവസായ കേരളം, തിരുവനന്തപുരം.
കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ.
ചേംബർ ഓഫ് കൊമേഴ്സ്, ജവഹർ നഗർ, കവടിയാർ, തിരുവനന്തപുരം.
കേരള ചേംബർ ഓഫ് കൊമേഴ്സ്, ഷൺമുഖൻ റോഡ്, കൊച്ചി.
മലബാർ ചേംബർ ഓഫ് കൊമേഴ്സ്, കോഴിക്കോട്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്- സ.ഉ (എം.എസ്) നം.85/2010/വ്യവ തീയതി, 5.4.2010 നമ്പർ ഫയലിലേക്ക്.